പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1287 — 10/08/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 885 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) ജനങ്ങൾക്ക് സൗജന്യമായി തങ്ങളുടെ വസ്തുവിന്റെ സ്കെച്ച് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ബി) (സി) റീസർവ്വേ നടപടികളുടെ ഭാഗമായി സർവ്വേ അതിരടയാള നിയമത്തിലെ 9(2) വകുപ്പ് പ്രകാരം റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന വേളയിൽ സൗജന്യമായി ഭൂവുടമയ്ക്ക് സ്കെച്ചുകൾ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ റിക്കാർഡുകൾ ഫൈനൽ ചെയ്ത ശേഷം പകർപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉടമസ്ഥരിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി സർവ്വേ ഓഫീസുകളിൽ നിന്നും നേരിട്ടും, erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈൻ ആയും സ്കെച്ചുകൾ നൽകി വരുന്നു. റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റീസർവ്വെ ആരംഭിക്കുന്ന വില്ലേജുകളുടെ വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൂർണ്ണ ജനപങ്കാളിത്തത്തോടെ ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്താൽ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ